LIBRARY ARCHIVES Kerala Legislative Assembly

സീനിയർ സയന്റിസ്റ്റ് നിയമനം

131 (498) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) LBS മുഖേന മലിനീകരണ ബോർഡിൽ സീനിയർ സയന്റിസ്റ്റ് തസ്തികയിലേയ്ക്ക് എഴുത്ത് പരീക്ഷ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) സ്പെഷ്യൽ റൂളിൽ ടി തസ്തികയുടെ യോഗ്യതയിൽ ബയോടെക്നോളജി കൂടി ഉൾപ്പെടുത്തി നടപടി സ്വീകരിക്കാമോ ;

(സി) അപ്രന്റീസ് ആയി തെരഞ്ഞെടുക്കുന്നവരെ RI സെന്റർ മുഖേന നിയമിക്കാമോ ?

ഉത്തരം

(എ) ഇല്ല. എൽ.ബി.എസ്. മുഖേനയുള്ള നിയമന നടപടികൾ റദ്ദ് ചെയ്ത. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) സ്പെഷ്യൽ റൂളിൽ ബയോടെക്നോളജി യോഗ്യത ഉൾപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) ആർ. ഐ. സെന്ററുകളിലൂടെ പോസ്റ്റ് ഗ്രാജുവേറ്റ് സയൻസ്/എഞ്ചിനീയറിംഗ് ബിരുദധാരികൾ ലഭ്യമാകാത്തതിനാൽ ബോർഡ് നേരിട്ടാണ് അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നത്.

അംഗത്വം നിഷേധിക്കുന്നതായ സഹകരണ സ്ഥാപനങ്ങൾ

132 (499) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അർഹമായ വിഹിതങ്ങൾ നേടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വം നിഷേധിച്ചാൽ എന്തു നടപടി ആർക്കെല്ലാം എതിരെ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ ;

(സി) അംഗത്വം നിഷേധിക്കപ്പെടുന്നയാൾക്ക് സഹകരണ സംഘത്തിൽ (ബാങ്കിൽ) അംഗത്വം നേടുന്നതിന് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ?